പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3480 15/07/2015 ൽ മറുപടിക്ക്

## ചികിത്സാ ചെലവ്

| ചോദ്യം<br>ശ്രീ.കെ.എൻ.എ.ഖാദർ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് പ്രതിശീർഷ ചികിത്സാ ചെലവ് കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സാധാരണക്കാരുടെ ജീവിതത്തെ ദുരിതത്തിലാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഈ ദു:സ്ഥിതി ഒഴിവാക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള സഹായങ്ങൾ ചെയ്യുന്നുണ്ട് ; | (ബി) | ചികിത്സാ ചെലവുകൾ കുറയ്ക്കുന്നതിനുവേണ്ടി പൊതുമേഖലയിലെ ചികിത്സാ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഒട്ടനവധി കാര്യങ്ങൾ ചെയ്തു വരുന്നു. പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങുക, സ്ഥാപനങ്ങളുടെ പദവി ഉയർത്തി സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, സ്ഥാപനങ്ങളിലേക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക, ഡോക്ടർമാരുടെയും ജീവനക്കാരുടെയും അധിക തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുക തുടങ്ങിയ കാര്യങ്ങൾ ആരോഗ്യവകുപ്പ്, ആരോഗ്യമിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടന്നുവരുന്നുണ്ട്. കെ.എം.എസ്.സി.എൽ. വഴി ആരോഗ്യ സ്ഥാപനങ്ങളിലേക്കാവശ്യമായ മരുന്നുകൾ മുടക്കം കൂടാതെ ലഭ്യമാക്കുന്നുണ്ട്.<br><br>സ്വകാര്യ മേഖലയുമായി ബന്ധപ്പെട്ട ചികിത്സ ചെലവുകൾ കുറയ്ക്കുന്നതിനായി ആരോഗ്യ ഇൻഷുറൻസ് പ്രോഗ്രാം, ആർ.എസ്.ബി.വൈ/ചിസ്, ചിസ് പ്ലസ്, ലോട്ടറി വകുപ്പിന്റെ കീഴിലുള്ള കാരുണ്യ ബനവലന്റ് പദ്ധതി, 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള താലോലം പദ്ധതി, ക്യാൻസർ സുരക്ഷ പദ്ധതി എന്നിവയും, ദേശീയ ഗ്രാമീണ മിഷൻ വഴി ജനനി ശിശു സുരക്ഷാകാര്യക്രം (ജെ.എസ്.എസ്.കെ.) ആരോഗ്യകിരണം |

| | | | |
|---|---|---|---|
| | | | തുടങ്ങിയ പദ്ധതികളും നടപ്പാക്കി വരുന്നു. ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ (എസ്.എം.എ.പി.) ആരോഗ്യ വകുപ്പ് മന്ത്രിയുടെ ക്ഷേമനിധിയിൽ നിന്നുള്ള ചികിത്സാ സഹായം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പുനരധിവാസ പദ്ധതിയിൽ നിന്നുള്ള ചികിത്സാ സഹായം തുടങ്ങിയവയും ലഭ്യമാക്കി വരുന്നു. |
| (സി) | രോഗ നിർണ്ണയ പരിശോധനകൾ, സ്കാനിങ് എന്നിവയ്ക്ക് അമിതമായ ചെലവ് വരുന്നത് രോഗികളെ പ്രതിസന്ധിയിലാക്കുന്നുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ; | (സി) | സ്വകാര്യമേഖലയിൽ രോഗ നിർണ്ണയം, സ്കാനിംഗ് എന്നിവയ്ക്ക് വലിയ തുക നൽകേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗവൺമെന്റ് ആശുപത്രികളിൽ ലബോറട്ടറി സേവനം കൂടുതലായി ലഭ്യമാക്കാനും, സ്കാനിങ് സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുമുള്ള സംവിധാനങ്ങൾ ചെയ്തുവരുന്നു. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെത്തുന്ന രോഗികൾക്ക് രോഗനിർണ്ണയ പരിശോധനകൾ, സ്കാനിംഗ് എന്നിവ വളരെ പരിമിതമായ ഫീസീടാക്കിയാണ് ചെയ്തു നൽകുന്നത്. കൂടാതെ അർഹരായ രോഗികൾക്ക് സർക്കാരിന്റെ വിവിധ ആരോഗ്യ പദ്ധതികളിൽ ഉൾപ്പെടുത്തി സൗജന്യമായും ഇത്തരം സേവനങ്ങൾ നൽകിവരുന്നു. ആയതിനാൽ സർക്കാർ ആശുപത്രികളിലെത്തുന്ന രോഗികൾക്ക് രോഗനിർണ്ണയ പരിശോധന, സ്കാനിംഗ് എന്നിവയുടെ ഫീസുമായി ബന്ധപ്പെട്ട് പ്രതിസന്ധിയുണ്ടാകുന്നില്ല. ഗവൺമെന്റിന്റെ പരിഗണനയിലുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുമ്പോൾ സ്വകാര്യ ലബോറട്ടറികളിലെ പരിശോധനാ ഫീസിനു മാനദണ്ഡങ്ങൾ കൊണ്ടുവരാനാകുന്നതാണ്. |
| (ഡി) | സാധാരണക്കാരെ സഹായിക്കുന്നതിന് കൂടുതൽ കാരുണ്യ സെന്ററുകൾ ആരംഭിക്കുന്നതിനും സ്കാനിങും ലാബ് പരിശോധനകളും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ ? | (ഡി) | കൂടുതൽ കാരുണ്യ സെന്ററുകൾ ആരംഭിക്കുന്നതും, സ്കാനിംങും ലാബ് പരിശോധനകളും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ആക്കുന്നതും ഇപ്പോൾ പരിഗണനയിലില്ല. നിലവിൽ കെ.എം.എസ്.സി.എൽ ന് കീഴിൽ 33 (പമ്പ, ശബരിമല സന്നിധാനം ഉൾപ്പെടെ) കാരുണ്യ ഫാർമസികൾ പ്രവർത്തിക്കുന്നുണ്ട്. തൈക്കാട്, പെരുമ്പാവൂർ, നോർത്ത് പറവൂർ, വർക്കല, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ ഇവ ആരംഭിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**